# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 4109

24/10/2016-ന് മറുപടിക്ക്

## തിരുവനന്തപുരം ജില്ലയിലെ വിവിധ വകുപ്പുകളിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് നിയമനം

**ചോദ്യം**

ശ്രീ.കെ.മുരളീധരൻ

**ഉത്തരം**

ശ്രീ.പിണറായി വിജയൻ
മുഖ്യമന്ത്രി

| | | | |
|---|---|---|---|
| (എ) | തിരുവനന്തപുരം ജില്ലയിലെ വിവിധ വകുപ്പുകളിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ നിലവിലുള്ള ഒഴിവുകൾ കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര; | (എ) | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയുടെ റാങ്ക് ലിസ്റ്റ് 23.05.2016 തീയതിയിൽ നിലവിൽ വന്നു. മുൻ റാങ്ക് ലിസ്റ്റ് 12.04.2014 ന് കാലഹരണപ്പെട്ടിരുന്നു. ടി തീയതി മുതൽ റാങ്ക് ലിസ്റ്റ് നിലവിൽ വന്ന തീയതി വരെ റിപ്പോർട്ട് ചെയ്ത 33 ഒഴിവുകളിൽ 32 പേർക്ക് നിയമന ശിപാർശ നൽകി. ഒരു ഒഴിവ് PH Ortho turn-ൽ ഉദ്യോഗാർത്ഥി ലഭ്യമല്ലാത്തതിനാൽ അടുത്ത റാങ്ക് ലിസ്റ്റിൽ നിന്നും നികത്തുന്നതിനായി മാറ്റി വച്ചിട്ടുണ്ട്. നിലവിൽ ഒരു NJD ഒഴിവ് റിപ്പോർട്ട് ചെയ്തതിൻമേൽ നിയമന ശിപാർശാ നടപടികൾ പുരോഗമിക്കുന്നു. |
| (ബി) | വിവിധ വകുപ്പുകളിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) | പി.എസ്.സി. റാങ്ക് പട്ടിക നിലവിലുള്ള എല്ലാ ഒഴിവുകളും അടിയന്തരമായി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പദ്ധ്യക്ഷൻമാർക്കും നിയമനാധികാരികൾക്കും സർക്കാർ നിർദ്ദേശം നൽകിയിരുന്നു. കൂടാതെ 2017 ലെ പ്രതീക്ഷിത ഒഴിവുകൾ 2016 സെപ്റ്റംബറോടു കൂടി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | പോലീസ് വകുപ്പിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) യും (ഡി) യും | പോലീസ് വകുപ്പിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് നിയമനം സർക്കാർ ഉത്തരവ് നം.(എം.എസ്) 272/2010/ആഭ്യന്തരം തീയതി 17.02.2010 പ്രകാരം പി.എസ്.സി. മുഖേന ആക്കി കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചുവെങ്കിലും 17.11.2012-ലെ സർക്കാർ ഉത്തരവ് നം. (എം.എസ്) 288/2012/ആഭ്യന്തരം പ്രകാരം റദ്ദ് ചെയ്തതിനാൽ ഒഴിവു വരുന്ന തസ്തികയിൽ 50% നിശ്ചിത യോഗ്യതയുള്ള ടൈപ്പിസ്റ്റുമാരിൽ നിന്നും തസ്തികമാറ്റം വഴി നിയമനം നൽകി വരുന്നു.<br>നിലവിൽ പോലീസ് വകുപ്പിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നില്ല. |
| (ഡി) | പോലീസ് വകുപ്പിൽ നിലവിലെ ചട്ടങ്ങൾ മറികടന്ന് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലേക്ക് തസ്തിക മാറ്റം വഴി നിയമനം നൽകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതൊഴിവാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ ? | | |

**സെക്ഷൻ ഓഫീസർ**